I ഇ.ബി. XV -  കേരള നിയമസഭ/XI-17

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജൂലൈ 9, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 611-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 11-06-2024-ലെ നക്ഷത്രചിഹ്നമിടാത്ത 611-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

### കർഷക സമൂഹം നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: സംസ്ഥാനത്തുണ്ടായ ഉഷ്ണതരംഗത്തിലും അതിതീവ്ര മഴയിലും സംഭവിച്ച കൃഷി നാശംമൂലം കർഷകസമൂഹം പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കുറുക്കോളി മൊയ്തീൻ, സജീവ് ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കാലാവസ്ഥാ വ്യതിയാനംമൂലം സംസ്ഥാനത്തെ കാർഷിക മേഖലയിലുണ്ടായ ദുരിതങ്ങളെ അതീവ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. വരൾച്ചമൂലമുള്ള കൃഷിനാശം വിലയിരുത്താൻ രൂപീകരിച്ച വിദഗ്ധ സംഘം ബ്ലോക്കടിസ്ഥാനത്തിൽ തയ്യാറാക്കിയ സമഗ്രമായ റിപ്പോർട്ടും ശിപാർശയും സർക്കാരിന്റെ പരിഗണനയിലാണ്. വരൾച്ചയെ തുടർന്നുള്ള വ്യാപക കൃഷിനാശം വിലയിരുത്താൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് എസ്.ഡി.എം.എ.-യിൽനിന്നും

ആവശ്യമായ തുക അനുവദിക്കാനും ഏലം റീപ്ലാന്റ് ചെയ്യാനും മറ്റുമായി പത്ത് കോടി രൂപ അടിയന്തരമായി ലഭ്യമാക്കാനും എൻ.ഡി.ആർ.എഫ്.-ൽ ആവശ്യമായ ശിപാർശ സമർപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. റീ-പ്ലാന്റേഷനും ഇറിഗേഷനുമാവശ്യമായ പ്രൊപ്പോസൽ സ്പൈസസ് ബോർഡ് മുമ്പാകെ സമർപ്പിക്കുകയും വായ്പകൾക്ക് മൊറട്ടോറിയവും പലിശയിളവും അനുവദിക്കാൻ ബാങ്കുകളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രാഥമിക വിവര കണക്കുപ്രകാരം സംസ്ഥാനത്തുണ്ടായ അതിതീവ്ര മഴയിൽ 155.20 കോടി രൂപയുടെ കൃഷിനാശവും ഉല്പാദനത്തിൽ കുറവും സംഭവിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി മുഖേന കർഷകർക്ക് നെൽവിത്ത് സൗജന്യമായി ലഭ്യമാക്കാൻ ഈ സാമ്പത്തിക വർഷം 750 ലക്ഷം രൂപ വകയിരുത്തുകയും സംസ്ഥാന സർക്കാരിന്റെയും ത്രിതല പഞ്ചായത്തുകളുടെയും വിവിധ നെൽകൃഷി പദ്ധതികളിലൂടെ ഗുണമേന്മയും അത്യുല്പാദന ശേഷിയുമുള്ള നെൽവിത്തും കുമ്മായ വസ്തുക്കളും ഉഴവുകൂലിയും കർഷകർക്ക് ലഭ്യമാക്കി നെൽകൃഷിയുടെ വിസ്തീർണ്ണവും ഉല്പാദനവും നിലനിർത്താൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരഗ്രാമം പദ്ധതിയിലൂടെ 54 ശതമാനം വിള വർദ്ധനവുണ്ടായിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം കാരണം ഉല്പാദനം കുറഞ്ഞാൽ കർഷകർക്ക് നഷ്ടപരിഹാരം

ലഭിക്കുന്ന തരത്തിൽ ഇൻഷ്വറൻസ് പദ്ധതി പുനഃസംഘടിപ്പിക്കുകയും 27 കാർഷിക ഇനങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ കർഷകരെ പരമാവധി സഹായിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

ശ്രീ കുറുക്കോളി മൊയ്തീൻ: കടുത്ത വരൾച്ചയിലും അതിതീവ്ര മഴയിലും കാർഷിക മേഖലയിലുണ്ടായ നാശനഷ്ടങ്ങൾക്ക് ആനുപാതികമായ നഷ്ടപരിഹാരം കർഷകർക്ക് ലഭിക്കുന്നില്ലെന്ന പരാതി നിലവിലുണ്ട്. കാർഷിക മേഖലയുടെ ഉന്നമനത്തിനുള്ള പദ്ധതികൾ ഇഴഞ്ഞുനീങ്ങുകയാണ്. നെല്ലിന്റെ സംഭരണ വില യഥാസമയം നൽകാനും നാളികേര സംഭരണത്തിന്റെ സംസ്ഥാന വിഹിതം അനുവദിക്കാനും നടപടി സ്വീകരിക്കണം. എസ്.ഡി.ആർ.എഫ്., വിള ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ കർഷകർക്ക് കൃത്യമായി ലഭ്യമാക്കണം. കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതും ഗുണമേന്മയുള്ളതുമായ വിത്തിനങ്ങൾ ലഭ്യമാക്കുന്നതിനും കർഷകർക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റുന്നതിനും സർക്കാരിന് സാധിക്കുന്നില്ല. വിള ഇൻഷ്വറൻസ് തുക സമയബന്ധിതമായി വർദ്ധിപ്പിക്കുന്നതിനും ഉത്പാദനചെലവ് കുറയ്ക്കുന്നതിനും യാതൊരു

നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): ഉഷ്ണതരംഗവും അതിതീവ്ര മഴയും കാരണം കർഷകർക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് സർക്കാർ സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉത്പാദന നഷ്ടം നികത്തുന്നതിന് കർഷകന് സഹായം നൽകുന്നതോടൊപ്പം കാലാവസ്ഥാ വ്യതിയാനം നേരിടാൻ സാധിക്കുന്ന കാർഷിക മുറകളും ഉത്പാദനോപാധികളും വികസിപ്പിക്കുന്നതിന് വേൾഡ് ബാങ്കിന്റെ സഹായത്തോടെ കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർദ്ധിത ശൃംഖല നവീകരണ പദ്ധതി ഈ വർഷം മുതൽ നടപ്പാക്കുകയാണ്. കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് പാർഷ്യൽ ക്രെഡിറ്റ് ഗ്യാരന്റി സപ്പോർട്ട് സ്കീം വിഭാവനം ചെയ്യുന്ന ഈ പദ്ധതിയിൽനിന്നും തോട്ടവിളകൾക്കും ആനുകൂല്യം ലഭ്യമാകുന്നതാണ്. പട്ടയമില്ലാത്ത ഭൂമിയിലെ ദീർഘകാല വിളകൾക്ക് പ്രകൃതിക്ഷോഭം കാരണമുണ്ടാകുന്ന നാശത്തിന് നിബന്ധനകൾക്ക് വിധേയമായി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും അപേക്ഷ സമർപ്പിക്കുന്നതിന് സമയം ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കൃഷിനാശം വിലയിരുത്തി സംസ്ഥാന ദുരന്ത

പ്രതികരണ നിധിയിൽനിന്നുള്ള സഹായവും ഇൻഷ്വറൻസ് പരിരക്ഷയും സമയബന്ധിതമായി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേക സഹായം ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിളനാശത്തിന് നഷ്ടപരിഹാരമായി 109.12 കോടി രൂപയും വിള ഇൻഷ്വറൻസായി 116 കോടി രൂപയും നൽകിയിട്ടുണ്ട്. കുടിശ്ശിക തുക കൊടുത്തുതീർക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്. സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട തുക കേന്ദ്ര സർക്കാർ അനുവദിക്കാത്തതാണ് സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. തിരൂർ മണ്ഡലത്തിലെ നാളികേര സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതാണ്. പച്ചത്തേങ്ങ സംഭരണത്തിൽ സർക്കാർ ക്രിയാത്മകമായ ഇടപെടൽ നടത്തുന്നുണ്ട്. കേരളത്തിലെ കർഷകരിൽ നിന്നും സംഭരിച്ച ഗുണമേന്മയുള്ള നെൽവിത്തുകൾ ടാഗ് ചെയ്യുന്നതിൽ പിഴവ് സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതാണ്. വരൾച്ചയും അതിതീവ്രമഴയുംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്കുണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ഗൗരവമായ

ഇടപെടൽ നടത്തുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) പുതിയ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കൽ

ശ്രീ. കെ. പി. മോഹനൻ: മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി പുതിയ റോഡുകൾ നിർമ്മിക്കാനും റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കാനും നടപടി സ്വീകരിക്കണം. വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാലർമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയിൽ വകയിരുത്തിയ 1000 കോടി രൂപ ഉപയോഗിച്ച് 5064 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും 4781 പ്രവൃത്തികൾ പൂർത്തിയാക്കുകയും മറ്റ് പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. പ്രസ്തുത പദ്ധതിയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ കാലാവധി 31-03-2024-ന് ശേഷം നീട്ടിനൽകില്ലെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ധാരാളം റോഡുകൾ പുനരുദ്ധരിക്കേണ്ടതുള്ളതിനാൽ ഇതുസംബന്ധിച്ച തുടർനടപടികൾ സർക്കാർ പരിശോധിച്ചുവരികയാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടുപയോഗിച്ചുള്ള റോഡ് നിർമ്മാണം സംബന്ധിച്ച് റവന്യൂ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്. എഞ്ചിനീയറിംഗ് വിഭാഗം സമയബന്ധിതമായി എസ്റ്റിമേറ്റ് സമർപ്പിക്കാത്ത വിഷയം പരിഹരിക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതാണ്.

## (2) പൊതുവിതരണരംഗം നേരിടുന്ന പ്രതിസന്ധികൾ

ശ്രീ. മോൻസ് ജോസഫ്: റേഷൻ സാധനങ്ങൾ വാതിൽപ്പടിയിൽ സമയബന്ധിതമായി ലഭ്യമാക്കാനും സെർവർ, ഇ-പോസ് മെഷീൻ എന്നിവയിലെ തകരാറുകൾ പരിഹരിച്ച് റേഷൻ വിതരണം കുറ്റമറ്റരീതിയിലാക്കാനും റേഷൻ വ്യാപാരികളുടെ പുതുക്കിയ വേതന പാക്കേജ് നടപ്പാക്കുന്നതിനും സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തതിന്റെ കമ്മീഷനും കോവിഡ് കാലത്ത് മരണപ്പെട്ട റേഷൻ വ്യാപാരികളുടെ കുടുംബത്തിന് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സംസ്ഥാനത്ത് റേഷൻ വിതരണത്തിൽ സ്തംഭനാവസ്ഥയുണ്ടായിട്ടില്ല. 2024 ജൂൺ മാസം 83.27% കാർഡുടമകൾ ഭക്ഷ്യധാന്യം കൈപ്പറ്റിയിട്ടുണ്ട്. 2023 ഡിസംബറിലെ കണക്കുപ്രകാരം സംസ്ഥാനത്തെ റേഷൻ വ്യാപാരികളിൽ 84.4% പേർക്കും വേതനം ലഭ്യമാക്കിയിട്ടുണ്ട്. വേതന പാക്കേജ് പുതുക്കുന്നത് സംബന്ധിച്ച് പഠിക്കാനായി നിയോഗിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് വരികയാണ്. റേഷൻ വ്യാപാരികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും റേഷൻ കടകളുടെ സേവനം

വൈവിദ്ധ്യവൽക്കരിക്കുന്നതിനുമായി കെ-സ്റ്റോർ പദ്ധതി നടപ്പിലാക്കിവരികയാണ്. എ.എ.വൈ., പി.എച്ച്.എച്ച്. കാർഡുടമകളുടെ മസ്റ്ററിംഗ് യഥാവിധി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ നിബന്ധനകൾമൂലം അനുവദിക്കുന്ന ഭക്ഷ്യധാന്യം പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയാത്ത അവസ്ഥ പരിഹരിക്കുന്നതാണ്. റേഷൻ വ്യാപാരികളുടെ ജൂൺ മാസത്തെ കമ്മീഷൻ, കിറ്റ് വിതരണം ചെയ്തതിലെ കമ്മീഷൻ എന്നിവ സമയബന്ധിതമായി നൽകുന്നതാണ്. റേഷൻ വ്യാപാരികളുടെ വിവിധ സംഘടനകൾ ഉന്നയിച്ച ആവശ്യങ്ങളിന്മേൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുന്നതോടൊപ്പം റേഷൻ വ്യാപാര മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ലൈസൻസികൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുന്നതാണ്.

## IV സബ്മിഷൻ

### (1) പി.എസ്.സി. അംഗങ്ങളുടെ നിയമന വിവാദം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗത്വത്തിന് സി.പി.ഐ.(എം) ഏരിയ കമ്മിറ്റി അംഗം ഒരു വനിതാ ഡോക്ടറിൽനിന്നും 22 ലക്ഷം രൂപ കൈപ്പറ്റിയെന്നുള്ള ഗുരുതരമായ ആരോപണം ഉയർന്നുവന്നിട്ടുണ്ട്. ഇത് പി.എസ്.സി.-യുടെ

മുഴവൻ പ്രവർത്തനങ്ങളെയും സംശയത്തിന്റെ നിഴലിൽ നിർത്തുന്നതാണ്. ഇക്കാര്യത്തിന്മേൽ അടിയന്തരമായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും അംഗങ്ങളുടെ നിയമനത്തിൽ സുതാര്യത ഉറപ്പുവരുത്തുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ഇതുവരെ യാതൊരു തരത്തിലുള്ള ബാഹ്യ ഇടപെടലുകളും ഉണ്ടായിട്ടില്ല. ഭരണഘടന അനുശാസിക്കുന്ന പ്രകാരമുള്ള കർത്തവ്യങ്ങൾ കമ്മീഷൻ കാര്യക്ഷമതയോടെ നിർവ്വഹിച്ചുവരികയാണ്. ഇത്തരമൊരു ഭരണഘടനാ സ്ഥാപനത്തെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള ആരോപണങ്ങൾ നിർഭാഗ്യകരമാണ്. ഇതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള മാധ്യമ വാർത്തകളല്ലാതെ ഒരുതരത്തിലുള്ള ക്രമക്കേടുകളും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയതമായ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടാണ് പി.എസ്.സി. അംഗങ്ങളെ നിയമിക്കുന്നത്. പി.എസ്.സി. അംഗങ്ങളുടെ നിയമനങ്ങൾ സംബന്ധിച്ച് യാതൊരാക്ഷേപവും ഇന്നുവരെയുണ്ടായിട്ടില്ല. ഇക്കാര്യത്തിന്മേൽ അന്വേഷണം നടത്താൻ സർക്കാർ സന്നദ്ധമാണ്.

(ബഹു. മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ വി. ഡി. സതീശൻ പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

(2) അനധികൃത തൊഴിൽ റിക്രൂട്ട്മെന്റ്

ശ്രീ. രമേശ് ചെന്നിത്തല: കേരളത്തിലെ തൊഴിലില്ലായ്മ ചൂഷണം ചെയ്തുകൊണ്ട് വ്യാജ റിക്രൂട്ടിംഗ് സംഘങ്ങൾ മനുഷ്യക്കടത്തിനും ഓൺലൈൻ തട്ടിപ്പുകൾക്കും മറ്റ് നിയമവിരുദ്ധപ്രവർത്തനങ്ങൾക്കും യുവതീ-യുവാക്കളെ ദുരുപയോഗപ്പെടുത്തുന്ന സംഭവങ്ങൾ വർദ്ധിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിന്മേൽ അന്വേഷണം നടത്തി കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും തട്ടിപ്പുകാരുടെ വലയിൽപ്പെട്ട മുഴുവൻ ആളുകളെയും മോചിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. വിദേശത്ത് ജോലി തേടി പോകുന്നവരെ സഹായിക്കുന്നതിനും ജോലി വാഗ്ദാനത്തിന്റെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിനും നോർക്കയുടെ കീഴിൽ ഒരു ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സമൂഹമാധ്യമങ്ങളിലൂടെ വ്യാജപരസ്യം നൽകിയും ഉയർന്ന ശമ്പളം വാഗ്ദാനം ചെയ്തും വ്യാജ റിക്രൂട്ട്മെന്റ് ഏജന്റുമാർ യുവതീ-യുവാക്കളെ മ്യാൻമർ, തായ്‌ലന്റ് അതിർത്തികളിലേയ്ക്ക് കടത്തുന്നതായും വിവിധതരം ഓൺലൈൻ തട്ടിപ്പുകൾക്കും നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും ഉപയോഗിച്ചുവരുന്നതായുമുള്ള പരാതി ലഭിച്ചയുടൻ മ്യാൻമർ യാത്രാപ്രശ്നം മുൻനിർത്തിയുള്ള മാർഗ്ഗനിർദ്ദേശങ്ങളും മുന്നറിയിപ്പും നോർക്ക റൂട്ട്സ് നൽകുകയും ടി വിഷയം മ്യാൻമർ ഇന്ത്യൻ എംബസിയുടെ ശ്രദ്ധയിൽകൊണ്ടുവരികയും തുടർനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ഈരണ്ടുപേർക്കെതിരെയും കണ്ടാലറിയാവുന്ന ഏജന്റിനെതിരെയും നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. തട്ടിപ്പുകൾ തടയാനും വ്യാജ ഏജന്റുമാരെ കണ്ടെത്താനും നവമാധ്യമങ്ങൾ വഴിയുള്ള പരസ്യങ്ങൾ തടയാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഓൺലൈൻ സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി റിസർവ് ബാങ്ക് ഗവർണ്ണർക്കും ഇന്ത്യൻ സൈബർ സെൽ കോ-ഓർഡിനേഷൻ സെന്ററിനും അയച്ചുകൊടുത്ത് തുടർനടപടി സ്വീകരിച്ചുവരുന്നു. വ്യാജ റിക്രൂട്ട്മെന്റ്

ഏജൻസികൾക്കെതിരെയും തൊഴിൽതട്ടിപ്പ്, മനുഷ്യക്കടത്ത് എന്നിവയ്ക്കെതിരെയും ഉയർന്നുവന്നിട്ടുള്ള പരാതികൾ പരിശോധിക്കാൻ നോർക്ക റൂട്ട്സിന്റെയും കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെയും കേരള പോലീസിന്റെയും സംയുക്ത സംരംഭമായ 'ഓപ്പറേഷൻ ശുഭയാത്ര' പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(3) താനൂർ ബോട്ടപകടത്തിൽപ്പെട്ടവർക്കുള്ള സാമ്പത്തിക സഹായം

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താനൂർ ബോട്ടപകടത്തിൽ മരണപ്പെട്ടവരുടെ അനന്തരാവകാശികൾക്കും പരിക്കേറ്റവരുടെ തുടർചികിത്സയ്ക്കും ധനസഹായം ലഭ്യമാക്കുന്നതിനും ഇതുസംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച കമ്മീഷന്റെ പ്രവർത്തനം അർത്ഥവത്താക്കുന്നതിനും നടപടി സ്വീകരിക്കണം.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): താനൂരിലുണ്ടായ ബോട്ടപകടത്തിൽ മരണപ്പെട്ട 22 പേരുടെ അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപ വീതവും പരിക്കേറ്റവരുടെ ചികിത്സ, രക്ഷാപ്രവർത്തനങ്ങളുടെ ചെലവ് എന്നിവ വഹിക്കുന്നതിന് 25 ലക്ഷം രൂപയും അനുവദിച്ചിരുന്നു. മരണപ്പെട്ട ഓരോ വ്യക്തിയുടെ കുടുംബത്തിനും 2 ലക്ഷം രൂപ വീതവും ഗുരുതരമായി പരിക്കേറ്റ്

ചികിത്സയിൽ കഴിയുന്നവർക്ക് 50,000 രൂപ വീതവും കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ധനസഹായം അനുവദിച്ചതിനാൽ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ നഷ്ടപരിഹാരം സംബന്ധിച്ച വിഷയങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. കമ്മീഷന്റെ ഓപ്പൺ സിറ്റിംഗ് നടന്നുവരുന്ന ഈയവസരത്തിൽ ടേംസ് ഓഫ് റഫറൻസിൽ മാറ്റം വരുത്തേണ്ട സാഹചര്യമുള്ളതായി കാണുന്നില്ല.

## (4) കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് സ്ഥലം നൽകിയവർക്കുള്ള നഷ്ടപരിഹാരം

ശ്രീ. പി. ടി. എ. റഹീം: പാലക്കാട്-കോഴിക്കോട്- മലപ്പുറം ജില്ലകളിലൂടെ കടന്നുപോകുന്ന ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് സ്ഥലം വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ദേശീയപാത 966-നുവേണ്ടി കോഴിക്കോട് ജില്ലയിലെ പെരുമണ്ണ, ഒളമണ്ണ വില്ലേജുകളിൽ സ്ഥലമേറ്റെടുക്കുകയും BBR, BBS എന്നിവ തയ്യാറാക്കി അവാർഡുകൾ പാസ്സാക്കുകയും 188.75 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. BBR തയ്യാറാക്കിയതിലെ അപാകത ചൂണ്ടിക്കാണിച്ച് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ജില്ലാ കളക്ടർ മുമ്പാകെ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തതിനെത്തുടർന്ന് പ്രതിഫലത്തുക

വിതരണം ചെയ്യുന്നത് നിർത്തിവയ്ക്കുകയും സ്പെഷ്യൽ ടീമിനെ നിയോഗിച്ച് BBR പുനർനിർണ്ണയിക്കുകയും ചെയ്തു. ഇതിനെതിരെ മുൻ BBR പ്രകാരം നഷ്ടപരിഹാരത്തുക ലഭിച്ച ഗുണഭോക്താക്കളും പുതിയ ഗുണഭോക്താക്കളും ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഗുണഭോക്താക്കളെ നേരിൽ കേട്ടശേഷം തീരുമാനം കൈക്കൊള്ളണമെന്ന് ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ച പശ്ചാത്തലത്തിൽ അവരെ നേരിൽ കേൾക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിയമവശങ്ങൾകൂടി പരിഗണിച്ച് ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

(5) നീണ്ടകര താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം

ഡോ. സുജിത് വിജയൻപിള്ള: ചവറ നിയോജകമണ്ഡലത്തിലെ നീണ്ടകര താലൂക്കാശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): നീണ്ടകര താലൂക്ക് ആശുപത്രിയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ എസ്.പി.വി. ആയ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സമർപ്പിച്ച ഡി.പി.ആർ. അംഗീകരിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും 46 കോടി 43 ലക്ഷം രൂപയുടെ ഭരണാനുമതിയും കിഫ്ബിയിൽ നിന്നും

സാമ്പത്തികാനുമതിയും 22 കോടി 68 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതാണ്. കെ.എസ്.എച്ച്.ബി. വിവിധ പാക്കേജുകളായി വിഭജിച്ച് വർക്കുകൾ ആരംഭിക്കുകയും സ്ട്രക്ച്ചർ വർക്കിന്റെ 80 ശതമാനം പണികളും പൂർത്തീകരിക്കുകയും ചെയ്തു. വിവിധ പ്രശ്നങ്ങൾമൂലം കാലതാമസം നേരിട്ടുവെങ്കിലും ബോർഡിന്റെ ഭാഗത്തുനിന്നും പണികൾ ത്വരിതപ്പെടുത്തുവാനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. കിഫ്ബി സി.ഇ.ഒ-യുടെ നേതൃത്വത്തിൽ നടക്കുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ പ്രസ്തുത പ്രോജക്ടിലെ പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യുന്നുണ്ട്. 2024 ആഗസ്റ്റ് 30-നകം കെട്ടിടനിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

(6) കടപ്പുറം, പുന്നയൂർക്കുളം ഭാഗത്തെ കടലാക്രമണം

ശ്രീ. എൻ. കെ. അക്ബർ: ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കടപ്പുറം, പുന്നയൂർക്കുളം പഞ്ചായത്തുകളിൽ കടലാക്രമണത്തിൽ തകർന്ന കടൽഭിത്തി പുനർനിർമ്മിക്കുന്നതിനും ടെട്രാപോഡുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കടലാക്രമണം അനുഭവപ്പെടുന്ന കടപ്പുറം, പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തുകളിൽ 99,000/-

രൂപയുടെ താൽക്കാലിക സംരക്ഷണ പ്രവൃത്തിയും 2,09,000/- രൂപയുടെ അടിയന്തര പ്രവൃത്തിയും നടന്നുവരുന്നുണ്ട്. പുന്നയൂർക്കുളത്ത് 500 മീറ്റർ കടൽഭിത്തി നിർമ്മാണത്തിന് 4.47 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തീരദേശ ജില്ലകളിൽ അടിയന്തര ഇടപെടൽ ആവശ്യമുള്ള ദുർബ്ബല പ്രദേശങ്ങൾ കണ്ടെത്തി ദീർഘകാല തീരദേശ മാനേജ്മെന്റ് പ്ലാൻ രൂപീകരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(7) കയർ മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. പി. പി. ചിത്തരഞ്ജൻ: കയർ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കയർ മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണാനായി വിദഗ്ദ്ധ സമിതി സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയും വിവിധ പദ്ധതികൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കയർ സംഘങ്ങൾക്ക് പ്രവർത്തന മൂലധനവും മാനേജീരിയൽ സബ്സിഡിയും അനുവദിക്കുകയും കയർ എടുത്ത വകയിൽ 14.6 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കയർ വകുപ്പിനുകീഴിലെ വിവിധ പദ്ധതികൾക്കായി

107.64 കോടി രൂപയും ഇൻകം സപ്പോർട്ട് സ്കീമായി 41.49 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കയർഫെഡിന് കയർ വിലസ്ഥിരതാ പദ്ധതിയിൽ 7.45 കോടി രൂപ വിതരണം ചെയ്യുകയും പരമ്പരാഗത കയർ ഉൽപ്പന്നങ്ങളുടെ ഓർഡർ ക്ഷാമം പരിഹരിക്കാനായി ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനുമായി ചേർന്ന് പദ്ധതി തയ്യാറാക്കി പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. കയറ്റുമതി വർദ്ധിപ്പിക്കാനായി വാൾമാർട്ടുമായി വാണിജ്യ കരാർ ഒപ്പുവച്ചിട്ടുണ്ട്. മൈനുകളിലെ മണ്ണിടിച്ചിൽ തടയാനായി കയർ ഭൂവസ്ത്രത്തിന്റെ ഓർഡറുകൾ ലഭിച്ചിട്ടുണ്ട്. ആലപ്പുഴയിൽ വച്ച് ചേരുന്ന കയർ തൊഴിലാളി സംഘടനാ പ്രതിനിധികളുടെയും വ്യവസായികളുടെയും യോഗ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(8) ശനിയാഴ്ച അവധി പുനഃസ്ഥാപിക്കൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സ്കൂളുകളിലെ ശനിയാഴ്ച അവധി പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ഹൈക്കോടതി ഉത്തരവ് അനുസരിച്ചാണ് 25 ശനിയാഴ്ചകൾ ഉൾപ്പെടുത്തി 220 പ്രവൃത്തി ദിവസമായി അക്കാദമിക് കലണ്ടർ

പ്രസിദ്ധീകരിച്ചിരിക്കുന്നത്. അതിനെതിരെ അധ്യാപക സംഘടനകൾ ഫയൽ ചെയ്ത കേസിന്റെ വിധി വന്നതിനുശേഷമേ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

(9) ചന്തപ്പാലം-വടയാർ-മുളക്കുളം റോഡ് നിർമ്മാണം

ശ്രീമതി സി. കെ. ആശ: ചന്തപ്പാലം-വടയാർ-മുളക്കുളം റോഡ് നിർമ്മാണത്തിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ചന്തപ്പാലം-വടയാർ-മുളക്കുളം റോഡ് നിർമ്മാണ പ്രവൃത്തിയുടെ യൂട്ടിലിറ്റി പ്രവൃത്തികൾ അഡീഷണൽ വർക്കായി കരാറുകാരെത്തന്നെ ഏൽപ്പിക്കുകയും കുടിവെള്ള പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുകയും ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്ന ജോലികൾ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിനായി വർക്ക് പ്രോഗ്രാം ചാർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കെ.എസ്.ടി.പി. ഏറ്റെടുത്തിട്ടുള്ള മുഴുവൻ പ്രവൃത്തികളുടെയും പുരോഗതി വിലയിരുത്തി പ്രശ്നത്തിന് പരിഹാരം കാണുന്നതാണ്.

## (10) NH 66-ന്റെ നിർമ്മാണ പ്രവൃത്തികളിലെ അപാകതകൾ

ശ്രീമതി കെ. കെ. രമ: ദേശീയ പാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വടകര റീച്ചിന്റെ നിർമ്മാണപ്രവൃത്തികളിലെ അപാകതകൾ പരിഹരിക്കുന്നതിനും മുക്കാളി നിവാസികളുടെ സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): NH 66- ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് അഴിയൂർ-വെങ്ങളം റീച്ചിലെ മുക്കാളിയിൽ സോയിൽ നെയിലിംഗ് നടത്തിയ ഭാഗം മഴയിൽ തകർന്ന വിഷയം ദേശീയപാതാ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തര നടപടി സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഡെപ്യൂട്ടി കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ പരിശോധിച്ച് എൻ.എച്ച്.എ.ഐ.-ക്ക് റിപ്പോർട്ട് നൽകാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

## (11) ആയയിൽ മുള്ളറവിള പാലം, നെയ്യാറ്റിൻകര കന്നിപ്പുറം പാലം എന്നിവയുടെ നിർമ്മാണം

ശ്രീ. കെ. ആൻസലൻ: ആയയിൽ മുള്ളറവിള, നെയ്യാറ്റിൻകര കന്നിപ്പുറം പാലങ്ങളുടെ നിർമ്മാണപ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ആയയിൽ മുള്ളറവിള പാലം നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി സാമ്പത്തികാനുമതി നൽകുകയും പ്രവൃത്തിക്കാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിന് റവന്യൂ ലാൻഡ് അക്വിസിഷൻ വിഭാഗത്തിന് തുക കൈമാറുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ പൂർത്തിയായാലുടൻ മറ്റ് നടപടികളിലേയ്ക്ക് കടക്കും. കന്നിപ്പുറം പാലം പ്രവൃത്തിക്കാവശ്യമായ സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. എസ്റ്റിമേറ്റ് തുക വർദ്ധിച്ചതിനാൽ പുതുക്കിയ സാമ്പത്തികാനുമതി ആവശ്യമായി വരികയും കിഫ്ബിയിൽനിന്നും ഉപാധികളോടെ അനുമതി നൽകകയും ചെയ്തിട്ടുണ്ട്. ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി പാലത്തിന്റെ റീ-ഡിസൈൻ സാധ്യത പരിശോധിക്കാൻ പി.ഡബ്ല്യൂ.ഡി. ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ടി പരിശോധന പൂർത്തിയായാൽ മാത്രമേ

തുടർ നടപടികളിലേയ്ക്ക് കടക്കാൻ കഴിയുകയുള്ളൂ. രണ്ട് പാലങ്ങളുടെയും നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് പ്രത്യേക ഇടപെടൽ നടത്തുന്നതാണ്.

## V റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

(1)സബ്ജക്ട് കമ്മിറ്റി III-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനാല് മുതൽ പതിനേഴ് വരെയുള്ള റിപ്പോർട്ടുകൾ.

## VI ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന

(1) 2024 ഫെബ്രുവരി 9-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 21/2024/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നമ്പർ 168/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങൾക്കുള്ള ഭേദഗതി.

ഡോ. എൻ. ജയരാജ്: താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1) ചട്ടം 2(1)(കെ)-ൽ " 2018" എന്നതിന് പകരം "2016" എന്ന്

ചേർക്കുക.

2) ചട്ടം 3(2)(എഫ്)-ൽ " ലൈസൻസിയുടെ സാധുവായ രജിസ്ട്രേഷൻ സംബന്ധിച്ച തെളിവ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

3) ചട്ടം 3(2)(ജി)-ൽ " സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയ സ്ട്രക്ച്ചറൽ എഞ്ചിനീയറുടെ യോഗ്യതയുടെ തെളിവ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

4) ചട്ടം 3(2)(പി)-ൽ " തയ്യാറാക്കിയ" എന്ന വാക്കിന് പകരം " പാസ്സാക്കിയ" എന്ന വാക്ക് ചേർക്കുക.

5) ചട്ടം 4-ലെ പട്ടിക 1 -ൽ ക്രമനമ്പർ (2) കോളം (2)-ൽ

" 100 ചതുരശ്ര മീറ്റർ താഴെയുള്ളതുമായ" എന്നീ അക്കത്തിനും വാക്കുകൾക്കും പകരം " 100 ചതുരശ്ര മീറ്റർ വരെയുള്ളതുമായ" എന്നീ അക്കവും വാക്കുകളും ചേർക്കുക.

6) ചട്ടം 6(1)-ൽ

(i) " ഫാറം 1-ബിയിൽ വിശദമായി" എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നങ്ങൾക്കും അക്ഷരത്തിനും പകരം " ഫാറം 1-ബിയിൽ" എന്നീ വാക്കുകളും അക്കവും ചിഹ്നങ്ങളും അക്ഷരവും ചേർക്കുക.

(ii) " ക്രമവൽക്കരിച്ചിട്ടുള്ള സംഗതിയിൽ" എന്നീ വാക്കുകൾക്ക് പകരം "ക്രമവൽക്കരിക്കാവുന്ന സംഗതിയിൽ" എന്നീ വാക്കുകൾ ചേർക്കുക.

(iii) " ആയതിൽ" എന്ന വാക്കിന് പകരം " ഫാറം 1-ബിയിൽ" എന്ന വാക്കും അക്കവും ചിഹ്നങ്ങളും അക്ഷരവും ചേർക്കുക.

(iv) “ നൽകേണ്ടതുമാണ് ” എന്ന വാക്കിന് മുൻപായി “ ടൗൺ പ്ലാനർക്ക് ” എന്നീ വാക്കുകൾ ചേർക്കുക.

7) ചട്ടം 6(2)(ii)-ൽ “ പരിശോധിച്ച്” എന്ന വാക്ക് ഒഴിവാക്കുക.

8) ചട്ടം 6(4)(vii)-ൽ “ എയർക്രാഫ്റ്റ്” എന്ന വാക്കിന് ശേഷം “ ആക്റ്റ് ” എന്ന വാക്ക് ചേർക്കുക.

9) ചട്ടം 6(4)(ix)-ൽ “ നടത്തിയിരുന്നെങ്കിൽ” എന്ന വാക്കിന് പകരം“ നടത്തിയിട്ടുള്ളതെങ്കിൽ” എന്ന വാക്ക് ചേർക്കുക.

10) ചട്ടം 6(5)-ൽ

(i) “ അല്ലെങ്കിൽ യഥാവിധി പൂരിപ്പിക്കുകയോ, ഒപ്പിടുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ലെങ്കിലും” എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം “ ചട്ടം 3(3) പ്രകാരം കുറവുകൾ പരിഹരിച്ചിട്ടില്ലെങ്കിലും” എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

(ii) “ 30” എന്നീ അക്കങ്ങൾക്ക് പകരം “ 45 ” എന്നീ അക്കങ്ങൾ ചേർക്കുക.

11) ചട്ടം 6(9)-ൽ ഇനം 1-ൽ “ ജില്ലയിലെ ” എന്ന വാക്കിന് ശേഷം “ തദ്ദേശ സ്വയംഭരണ വകുപ്പ്” എന്നീ വാക്കുകൾ ചേർക്കുക.

12) ചട്ടം 6(15)-ൽ “ പ്ലോട്ട് സംബന്ധിച്ച്” എന്നീ വാക്കുകൾക്ക് പകരം “ പ്ലോട്ട് സ്ഥിതി ചെയ്യുന്ന” എന്നീ വാക്കുകൾ ചേർക്കുക.

13) ചട്ടം 7(5)-ൽ " സെക്രട്ടറി നൽകിയ ഫാറം 1-ബി ൽ നൽകിയ " എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നങ്ങൾക്കും അക്ഷരത്തിനും പകരം " സെക്രട്ടറി ഫാറം 1-ബി യിൽ രേഖപ്പെടുത്തിയ" എന്നീ വാക്കുകളും അക്കവും ചിഹ്നങ്ങളും അക്ഷരവും ചേർക്കുക.

14) ചട്ടം 8(1)-ൽ " നിർമ്മാണമോ ക്രമവൽക്കരണമോ " എന്നീ വാക്കുകൾക്ക് പകരം " നിർമ്മാണപ്രവർത്തനവും" എന്ന വാക്ക് ചേർക്കുക.

15) ചട്ടം 9(2)-ൽ " ഏതെങ്കിലും അനധികൃത നിർമ്മാണം നടത്തിയ ഉടമ നിശ്ചിത സമയ പരിധിക്കുള്ളിൽ കൃത്യമായി പൂരിപ്പിച്ച നിർദ്ദിഷ്ട ഫാറത്തിൽ ബാധകമായ വിശദാംശങ്ങളോടെ, അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാതിരിക്കുകയോ, ക്രമവൽക്കരണ അപേക്ഷ നിരസിക്കപ്പെടുകയോ ചെയ്യുന്നപക്ഷം അത്തരം അനധികൃത നിർമ്മാണം പൊളിച്ചുനീക്കുന്നതിന് ഉചിതമായ നടപടി, സെക്രട്ടറി ഒരു മാസത്തിനുള്ളിൽ സ്വീകരിക്കേണ്ടതും " എന്നീ വാക്കുകൾക്ക് പകരം " ഉപചട്ടം (1) പ്രകാരം" എന്നീ ചിഹ്നങ്ങളും അക്കങ്ങളും വാക്കുകളും ചേർക്കുക.

16) ചട്ടം 10(2)-ൽ " അപേക്ഷ അനുവദിച്ചുകൊണ്ടോ നിരാകരിച്ചുകൊണ്ടോ" എന്നീ വാക്കുകൾക്ക് പകരം " അപേക്ഷ നിരാകരിച്ചുകൊണ്ട്" എന്നീ വാക്കുകൾ ചേർക്കുക.

17) ചട്ടം 10(4)-ൽ " ആവശ്യമെന്ന് കണ്ടാൽ," എന്നീ വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

18) ചട്ടം 10(5)-ൽ " പുനരവലോകനം" എന്ന വാക്കിന് മുൻപായി " ജില്ലാതല കമ്മിറ്റിയുടെ ഉത്തരവ് " എന്നീ വാക്കുകൾ ചേർക്കുക.

19) ചട്ടം 10(5) ഇനം (iii)-ൽ " പ്ലാനിംഗ് " എന്ന വാക്കിന് പകരം " (പ്ലാനിംഗ്) " എന്ന വാക്കും ചിഹ്നങ്ങളും ചേർക്കുക.

20) ചട്ടം 10(6)-ൽ " പെറ്റീഷൻ " എന്ന വാക്കിന് പകരം " ജില്ലാതല കമ്മിറ്റിയുടെ ഉത്തരവ് " എന്നീ വാക്കുകൾ ചേർക്കുക.

21) ചട്ടം 10(7)-ൽ

(i) " കമ്മിറ്റി " എന്ന വാക്കിന് ശേഷം " അപ്പീൽ അപേക്ഷകനെ കേൾക്കേണ്ടതും " എന്നീ വാക്കുകൾ ചേർക്കുക.

(ii) “ പെറ്റീഷൻ ” എന്ന വാക്കിന് പകരം “ ജില്ലാതല കമ്മിറ്റിയുടെ ഉത്തരവ് ” എന്നീ വാക്കുകൾ ചേർക്കുക.

22) ചട്ടം 12(2)-ൽ “ ഉടമ നൽകിയ” എന്നീ വാക്കുകൾക്ക് ശേഷം “ അപേക്ഷയിലെ” എന്ന വാക്ക് ചേർക്കുക.

23) ചട്ടം 12(3)-ൽ “ മുകളിൽ എന്തുതന്നെയായിരുന്നാലും” എന്നീ വാക്കുകൾ ഒഴിവാക്കുക.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ക്രമനമ്പർ 1, 4, 5, 6(1)(iii), 8, 9, 11, 13, 22 എന്നീ ഭേദഗതികൾ സ്വീകരിക്കുന്നു.

താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതിയോടെ സ്വീകരിക്കുന്നു.

(6) ചട്ടം 61(ii). 'ക്രമവൽക്കരിച്ചിട്ടുള്ള സംഗതിയിൽ' എന്നീ വാക്കുകൾക്ക് പകരം "ക്രമവൽക്കരിക്കുന്ന സംഗതിയിൽ” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(19) ചട്ടം 10(5) (iii)-ൽ 'പ്ലാനിംഗ്' എന്ന വാക്കിനുപകരം 'ചീഫ് ടൗൺ പ്ലാനർ എൽ.എസ്.ജി.ഡി. പ്ലാനിംഗ് (കൺവീനർ)’ എന്ന് മാറ്റം വരുത്താവുന്നതാണ്.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(2) 2024 ഫെബ്രുവരി 9-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 20/2024/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നമ്പർ 172/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങൾക്കുള്ള ഭേദഗതി

ഡോ. എൻ. ജയരാജ്: താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1) ചട്ടം 3(2)(എഫ്)-ൽ " ലൈസൻസിയുടെ സാധുവായ രജിസ്ട്രേഷൻ സംബന്ധിച്ച തെളിവ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

2) ചട്ടം 3(2)(ജി)-ൽ " സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയ സ്ട്രക്ച്ചറൽ എഞ്ചിനീയറുടെ യോഗ്യതയുടെ തെളിവ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

3) ചട്ടം 3(2)(പി)-ൽ " തയ്യാറാക്കിയ" എന്ന വാക്കിന് പകരം " പാസ്സാക്കിയ" എന്ന വാക്ക് ചേർക്കുക.

4) ചട്ടം 4-ലെ പട്ടിക 1 -ൽ ക്രമനമ്പർ (2) കോളം (2)-ൽ

" 100 ചതുരശ്ര മീറ്ററിൽ താഴെയുള്ളതുമായ" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം " 100 ചതുരശ്ര മീറ്റർ വരെയുള്ളതുമായ" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

5) ചട്ടം 6(1)-ൽ

(i) " ഫാറം 1-ബിയിൽ വിശദമായ" എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നത്തിനും അക്ഷരത്തിനും പകരം " ഫാറം 1-ബിയിൽ" എന്നീ വാക്കുകളും അക്കവും ചിഹ്നവും അക്ഷരവും ചേർക്കുക.

(ii) " ക്രമവൽക്കരിച്ചിട്ടുള്ള സംഗതിയിൽ" എന്നീ വാക്കുകൾക്ക് പകരം "ക്രമവൽക്കരിക്കാവുന്ന സംഗതിയിൽ" എന്നീ വാക്കുകൾ ചേർക്കുക.

(iii) " കോമ്പൗണ്ടിംഗ് ഫീസ് ഉൾപ്പെടുത്തി" എന്നീ വാക്കുകൾക്ക് പകരം " കോമ്പൗണ്ടിംഗ് ഫീസ് കണക്കാക്കിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്തി" എന്നീ വാക്കുകൾ ചേർക്കുക.

(iv) " ആയതിൽ" എന്ന വാക്കിന് പകരം " ഫാറം 1-ബിയിൽ" എന്ന വാക്കും അക്കവും ചിഹ്നവും അക്ഷരവും ചേർക്കുക.

(v) " നൽകേണ്ടതുമാണ് " എന്ന വാക്കിന് മുൻപായി " ടൗൺ പ്ലാനർക്ക് " എന്നീ വാക്കുകൾ ചേർക്കുക.

6) ചട്ടം 6(2)(ii)-ൽ " പരിശോധിച്ച്" എന്ന വാക്കിനു പകരം " എന്നിവർ" എന്ന വാക്ക് ചേർക്കുക.

7) ചട്ടം 6(5)-ൽ

(i) " യഥാവിധി പൂരിപ്പിക്കുകയോ, ഒപ്പിടുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ലെങ്കിലോ" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം " ചട്ടം 3(3) പ്രകാരം കുറവുകൾ പരിഹരിച്ചിട്ടില്ലെങ്കിലോ" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

(ii) " 30" എന്നീ അക്കങ്ങൾക്ക് പകരം " 45 " എന്നീ അക്കങ്ങൾ ചേർക്കുക.

8) ചട്ടം 6(9)-ൽ ഇനം 1-ൽ " ജില്ലയിലെ " എന്ന വാക്കിന് ശേഷം " തദ്ദേശ സ്വയംഭരണ വകുപ്പ്" എന്നീ വാക്കുകൾ ചേർക്കുക.

9) ചട്ടം 8(1)-ൽ " നിർമ്മാണമോ ക്രമവൽക്കരണമോ " എന്നീ വാക്കുകൾക്ക് പകരം " നിർമ്മാണപ്രവർത്തനവും" എന്ന വാക്ക് ചേർക്കുക.

10) ചട്ടം 9(2)-ൽ " അനധികൃതമായി നിർമ്മാണം നടത്തിയ ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമ നിശ്ചിത സമയ പരിധിക്കുള്ളിൽ കൃത്യമായി പൂരിപ്പിച്ച നിർദ്ദിഷ്ട ഫാറത്തിൽ പ്രസക്തമായ വിശദാംശങ്ങളോടെ, അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാതിരിക്കുകയോ, ക്രമവൽക്കരണ അപേക്ഷ നിരസിക്കപ്പെടുകയോ ചെയ്യുന്നപക്ഷം അത്തരം അനധികൃത നിർമ്മാണം പൊളിച്ചുനീക്കുന്നതിന് ഉചിതമായ നടപടി, സെക്രട്ടറി ഒരു മാസത്തിനുള്ളിൽ സ്വീകരിക്കേണ്ടതും " എന്നീ വാക്കുകൾക്ക് പകരം

“ ഉപചട്ടം (1) പ്രകാരം” എന്നീ ചിഹ്നങ്ങളും അക്കങ്ങളും വാക്കുകളും ചേർക്കുക.

11) ചട്ടം 10(2)-ൽ “ അപേക്ഷ അനുവദിച്ചുകൊണ്ടോ നിരാകരിച്ചുകൊണ്ടോ” എന്നീ വാക്കുകൾക്ക് പകരം “ അപേക്ഷ നിരാകരിച്ചുകൊണ്ട്” എന്നീ വാക്കുകൾ ചേർക്കുക.

12) ചട്ടം 10(4)-ൽ “ ആവശ്യമെന്ന് കണ്ടാൽ” എന്നീ വാക്കുകൾ

ഒഴിവാക്കുക.

13) ചട്ടം 10(5)-ൽ “ പുനരവലോകനം” എന്ന വാക്കിന് മുൻപായി “ ജില്ലാതല കമ്മിറ്റിയുടെ ഉത്തരവ് ” എന്നീ വാക്കുകൾ ചേർക്കുക.

14) ചട്ടം 10(5) ഇനം (iii)-ൽ “ പ്ലാനിംഗ് ” എന്ന വാക്കിന് പകരം “ (പ്ലാനിംഗ്) ” എന്ന വാക്കും ചിഹ്നങ്ങളും ചേർക്കുക.

15) ചട്ടം 10(6)-ൽ “ പെറ്റീഷൻ ” എന്ന വാക്കിന് പകരം “ ജില്ലാതല കമ്മിറ്റിയുടെ ഉത്തരവ് ” എന്നീ വാക്കുകൾ ചേർക്കുക.

16) ചട്ടം 10(7)-ൽ

(i) “ കമ്മിറ്റി ” എന്ന വാക്കിന് ശേഷം “ അപ്പീൽ അപേക്ഷകനെ കേൾക്കേണ്ടതും ” എന്നീ വാക്കുകൾ ചേർക്കുക.

(ii) “ പെറ്റീഷൻ ” എന്ന വാക്കിന് പകരം “ ജില്ലാതല കമ്മിറ്റിയുടെ ഉത്തരവ് ” എന്നീ വാക്കുകൾ ചേർക്കുക.

17) ചട്ടം 12(2)-ൽ “ ഉടമ നൽകിയ” എന്നീ വാക്കുകൾക്ക് ശേഷം “ അപേക്ഷയിലെ” എന്ന വാക്ക് ചേർക്കുക.

18) ചട്ടം 12(3)-ൽ “ മുകളിൽ എന്തുതന്നെയായിരുന്നാലും” എന്നീ വാക്കുകൾ ഒഴിവാക്കുക.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ക്രമനമ്പർ 3, 4, 5-ൽ 6(1)(iv), 8, 17 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

താഴെപ്പറയുന്ന ഭേദഗതികൾ  ഭേദഗതിയോടെ സ്വീകരിക്കുന്നു.

(5) ചട്ടം 6(1)(ii). 'ക്രമവൽക്കരിച്ചിട്ടുള്ള സംഗതിയിൽ' എന്നീ വാക്കുകൾക്കുപകരം  'ക്രമവൽക്കരിക്കുന്ന സംഗതിയിൽ' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(5) ചട്ടം 6(1)(iii). 'അനുബന്ധം ഒന്ന് പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീസ് ഉൾപ്പെടുത്തി' എന്നീ വാക്കുകൾക്കുപകരം 'അനുബന്ധം ഒന്ന് പ്രകാരം കണക്കാക്കിയ കോമ്പൗണ്ടിംഗ് ഫീസ് ഉൾപ്പെടുത്തി' എന്ന് മാറ്റം വരുത്താവുന്നതാണ്.

(6) ചട്ടം 6(2)(ii)-ൽ 'പരിശോധിച്ച്' എന്ന വാക്കിനുപകരം 'എന്നിവർ പരിശോധിച്ച്' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(14) ചട്ടം 10(5)(iii)-ൽ 'ചീഫ് ടൗൺ പ്ലാനർ എൽ.എസ്.ജി.ഡി. പ്ലാനിംഗ് (കൺവീനർ)' എന്ന് മാറ്റം വരുത്താവുന്നതാണ്.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

## VII ധനകാര്യം

<u>ഉപധനാഭ്യർത്ഥനകളുടെയും അന്തിമ ധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റ്മെന്റുകൾ</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2024-2025 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്, 2016-2017, 2017-2018, 2018-2019, 2019-2020 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധികധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റുകൾ എന്നിവ മേശപ്പുറത്ത് വയ്ക്കുന്നു.

## VIII നിയമനിർമ്മാണകാര്യം

<u>2024-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2024-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2024-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. റവന്യൂ വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് സാമ്പത്തിക പ്രതിസന്ധി മറികടക്കാനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നത്. സംസ്ഥാനത്തിന്റെ തനതുവരുമാനം 78.7 ശതമാനമായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. സാധാരണക്കാരുടെ ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് സർക്കാർ പ്രാധാന്യം നൽകുന്നത്. പരമ്പരാഗത തൊഴിൽ മേഖലയിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ മുൻഗണന നൽകണം. സാമൂഹ്യ ക്ഷേമ പെൻഷൻ കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർക്കേണ്ടതുണ്ട്. ജനകീയ പങ്കാളിത്തത്തോടുകൂടി ലൈഫ് മിഷൻ പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നത് സംബന്ധിച്ച് ചർച്ച നടത്തണം. മാലിന്യ നിർമ്മാർജ്ജനത്തിന് പ്രത്യേക പരിഗണന നൽകണം. എല്ലാ നിയോജകമണ്ഡലങ്ങളിലും ജലപരിശോധനാ ലാബുകൾ സ്ഥാപിക്കണം. കൂത്തുപറമ്പ് ഫുഡ് സേഫ്റ്റി ലാബ് പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. പകർച്ചവ്യാധി, ജീവിതശൈലീരോഗങ്ങൾ എന്നിവ പ്രതിരോധിച്ചുകൊണ്ടും പ്രാഥമിക

ആരോഗ്യകേന്ദ്രങ്ങൾ പുനരുദ്ധരിച്ചുകൊണ്ടും സർക്കാർ മുന്നോട്ടുപോകുകയാണ്. വിദ്യാഭ്യാസരംഗം ഫലപ്രദമായി പരിഷ്കരിക്കണം. കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പണം സ്വരൂപിക്കുന്നതിന് പ്രതിപക്ഷം സഹകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. വിഭവസമാഹരണത്തിനായി സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനോ ആംനസ്റ്റി സ്കീം ഫലപ്രദമായി നടപ്പാക്കുന്നതിനോ സാധിച്ചിട്ടില്ല. സ്വർണ്ണ വ്യാപാര മേഖലയിലെ നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി വിഹിതം പിരിച്ചെടുക്കുന്നതിനും എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. പദ്ധതി പ്രവൃത്തികൾക്ക് ചട്ടവിരുദ്ധമായി ടെൻഡർ എക്സസ് അനുവദിക്കുന്ന നടപടി അവസാനിപ്പിക്കണം. എഡിബി വായ്പകളുടെ മറവിൽ കുടിവെള്ള വിതരണം സ്വകാര്യവൽക്കരിക്കുന്നതിനുള്ള നീക്കം തടയണം. ഓൺ ഗോയിംഗ് വർക്കുകൾക്ക് സ്റ്റോപ്പ് മെമ്മോ നൽകുന്ന MoRTH-ന്റെ പ്രവർത്തനങ്ങൾക്ക് തടയിടണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പൊതുജനാരോഗ്യ മേഖലയിൽ മാതൃകാപരമായ ഇടപെടലാണ് സർക്കാർ നടത്തുന്നത്. സൗജന്യ ചികിത്സയും ചികിത്സാ സഹായവും നൽകുന്നതോടൊപ്പം മാതൃ-ശിശുമരണ നിരക്ക് ഗണ്യമായി കുറയ്ക്കാനും സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. ഏകീകൃത പൊതുജനാരോഗ്യ നിയമം കൊണ്ടുവന്നത് അഭിമാനകരമാണ്. അപൂർവ രോഗങ്ങളുടെ ചികിത്സക്ക് സർക്കാർ നിയന്ത്രിത ക്രൗഡ് ഫണ്ടിംഗിലൂടെ ധനസഹായം നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചതും ആർദ്രം മിഷൻ - 2 പ്രവർത്തനം ആരംഭിച്ചതും സ്വാഗതാർഹമാണ്. വർദ്ധിച്ചുവരുന്ന രോഗാതുരതയുടെ കാരണങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. ആരോഗ്യ പ്രവർത്തകർ വൃദ്ധജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് മുൻഗണന നൽകണം. പകർച്ചവ്യാധികൾ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ ഉയർന്ന ഹൃദ്രോഗ നിരക്കിന്റെയും കുട്ടികളിൽ വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗത്തിന്റെയും കാരണം കണ്ടെത്തുകയും വിഷാദരോഗം ഉൾപ്പെടെയുള്ളവയുടെ ചികിത്സയ്ക്ക് മുന്തിയ പരിഗണന നൽകുകയും വേണം. ആദിവാസി, തീരദേശ, അതിഥി തൊഴിലാളി മേഖലകളിലെ ആരോഗ്യ സുരക്ഷയ്ക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതിനും

ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ആന്റിബയോട്ടിക്കുകളുടെ അമിതോപയോഗം മൂലമുള്ള രോഗാണുക്കളുടെ അതിജീവനത്തെ നേരിടാൻ എന്ത് ചെയ്യാനാകുമെന്ന് പരിശോധിക്കണം. പതിനെട്ട് വയസ്സിൽതാഴെ പ്രായമുള്ളവരിൽ വൃക്കരോഗം വർദ്ധിക്കാനുള്ള കാരണം കണ്ടെത്തണം. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ അന്തിമ നിർമ്മാണ പ്രവൃത്തിക്ക് അനുവദിച്ച കിഫ്ബി ഫണ്ട് വേഗത്തിൽ ലഭ്യമാക്കണം. പൊതുജന പങ്കാളിത്തത്തോടെ പൊതുജനാരോഗ്യനയം രൂപീകരിക്കുന്ന കാര്യം പരിഗണിക്കണം.

ശ്രീ. പി. ഉബൈദുള്ള: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. വിദ്യാഭ്യാസ-ആരോഗ്യ മേഖലകൾക്ക് സർക്കാർ മുന്തിയ പരിഗണന നൽകണം. വൻകിട കച്ചവടക്കാരിൽനിന്ന് നികുതി കുടിശ്ശിക പിരിച്ചെടുക്കുകയും കോടതി വ്യവഹാരങ്ങൾക്ക് ഏർപ്പെടുത്തിയ ഫീസ് വർദ്ധന പിൻവലിക്കുകയും വേണം. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളുമായി ബന്ധപ്പെട്ട് സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശികയും കരാറുകാരുടെ കുടിശ്ശികയും നൽകണം. ആസ്തി വികസന ഫണ്ടുപയോഗിച്ച് ബഡ്സ് സ്കൂൾ, പ്രതീക്ഷ ഡേ കെയർ സെന്റർ, പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റുകൾ എന്നിവയ്ക്ക് വാഹനം വാങ്ങി

നൽകാൻ അനുവാദം നൽകണം. സാമാജികരുടെ എസ്.ഡി.എഫ്. മൂന്ന് കോടി രൂപയായി വർദ്ധിപ്പിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വെട്ടിക്കുറച്ച നടപടി പുനഃപരിശോധിക്കുകയും ജെ.ജെ.എം. പ്രവൃത്തിയുടെ ഭാഗമായി തകർന്ന ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കാൻ ഫണ്ട് അനുവദിക്കുകയും വേണം. മുടങ്ങിയ ക്ഷേമപെൻഷനും സ്കൂൾ പാചകത്തൊഴിലാളികളുടെ ദിവസ വേതനവും സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശികയും റേഷൻ വ്യാപാരികളുടെ കമ്മീഷനും കുടുംബശ്രീ ജനകീയ ഹോട്ടലുകൾക്കുള്ള സബ്സിഡിയും അനുവദിക്കാനുള്ള നടപടി സ്വീകരിക്കണം

ശ്രീ. ജോബ് മൈക്കിൾ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വിവിധ പദ്ധതികളുടെ കേന്ദ്ര വിഹിതം കുടിശ്ശികയായ കാര്യത്തിൽ മൗനം പാലിക്കുകയും കേവല രാഷ്ട്രീയം മുൻനിർത്തി സംസ്ഥാന ഗവൺമെന്റിനെ അസ്ഥിരപ്പെടുത്തുകയും ചെയ്യുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. ചങ്ങനാശ്ശേരി ഗവൺമെന്റ് ജനറൽ ആശുപത്രിക്ക് കിഫ്ബി മുഖേന 80 കോടി രൂപ അനുവദിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് നടത്തുന്ന വ്യാജപ്രചാരണം അവസാനിപ്പിക്കാൻ പ്രതിപക്ഷം തയ്യാറാകണം. മികച്ച

ധനകാര്യ മാനേജ്മെന്റിലൂടെ 2023-24-ലെ ധനക്കമ്മിയും റവന്യൂ കമ്മിയും കുറയ്ക്കാനും നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാക്കാനും സാധിച്ചിട്ടുണ്ട്. നികുതിവെട്ടിപ്പ് തടയാൻ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തമാക്കിയത് അഭിനന്ദനാർഹമാണ്. കോടതി വ്യവഹാരങ്ങൾക്ക് ഏർപ്പെടുത്തിയ ഫീസ് വർദ്ധന പുനഃപരിശോധിക്കുകയും സ്വർണ്ണ വ്യാപാരത്തിന് ഇ-വേ ബിൽ ഏർപ്പെടുത്തുകയും വേണം. റേഷൻ വ്യാപാരികളുടെ കമ്മീഷൻ കുടിശ്ശിക അനുവദിക്കുന്നതിനും റേഷൻ വിതരണ രംഗത്തെ കേന്ദ്ര അവഗണന അവസാനിപ്പിക്കുന്നതിനുമാവശ്യമായ ഇടപെടൽ നടത്തണം.

ശ്രീ. എ. കെ. എം. അഷ്റഫ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. എയിംസ് അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമർപ്പിക്കുന്ന ലിസ്റ്റിൽ കാസർഗോഡ് ജില്ലയെ ഉൾപ്പെടുത്തണം. കാസർഗോഡ് ജില്ലയിൽ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നീക്കിവച്ച തുക അനുവദിക്കുന്നതിനും മഞ്ചേശ്വരം, കുമ്പള പോലീസ് സ്റ്റേഷനുകൾ വിഭജിച്ച് പുതിയ ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. പ്ലസ് വൺ പ്രവേശനത്തിന്

പുതിയ ബാച്ച് അനുവദിക്കുന്നതിനും മഞ്ചേശ്വരം ഗോവിന്ദ പൈ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. മമ്മിക്കുട്ടി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസനവും മുന്നേറ്റവും ലക്ഷ്യംവച്ചുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. ആരോഗ്യ/വിദ്യാഭ്യാസ/ വ്യവസായ മേഖലകളിൽ പുരോഗതി കൈവരിക്കാൻ സാധിച്ചതും പശ്ചാത്തല സൗകര്യ വികസനം മെച്ചപ്പെടുത്തിയതും സർക്കാരിന്റെ നേട്ടങ്ങളാണ്. കേരളത്തിന് അർഹതപ്പെട്ട കേന്ദ്ര വിഹിതം ലഭ്യമാക്കാത്തതിൽ പ്രതിഷേധിക്കാൻ പ്രതിപക്ഷം തയ്യാറാകാത്തത് ഖേദകരമാണ്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേന്ദ്രസർക്കാരിന്റെ തെറ്റായ നയത്തിന്റെ ഭാഗമായി വലിയ സാമ്പത്തിക പ്രയാസമനുഭവിക്കുമ്പോഴും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഫലപ്രദമായ ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. ജി.എസ്.ടി. വകുപ്പിൽ പുനഃസംഘടന ഉൾപ്പെടെ നടത്തി

തനത് നികുതി വരുമാനത്തിൽ വൻവർദ്ധനവ് രേഖപ്പെടുത്തിയത് അഭിനന്ദനാഹർഹമാണ്. വിഴിഞ്ഞം തുറമുഖം, നാഷണൽ ഹൈവേ, മെട്രോ വിപുലീകരണം തുടങ്ങിയ വൻപദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുകയാണ്. അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി കോഴിക്കോട് ഒരു അത്യന്താധുനിക ആശുപത്രി ആരംഭിക്കാനും കനാൽ സിറ്റി പദ്ധതിക്കും മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡ് യാഥാർത്ഥ്യമാക്കാനും തുക അനുവദിച്ച നടപടിയും അഭിനന്ദനാർഹമാണ്. കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിക്ക് കീഴിൽ 6 റോഡ് പൂർത്തിയാക്കിയതിനുപുറമെ 12 റോഡുകൾ നിർമ്മിക്കാനായി 1312.675 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. സംസ്ഥാനത്ത് കഴിഞ്ഞ വർഷം 34000 ഉദ്യോഗാർത്ഥികൾ പി.എസ്.സി. മുഖേന ജോലിയിൽ പ്രവേശിച്ചത് എടുത്തുപറയത്തക്കതാണ്. കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ മഞ്ജുനാഥ റാവുവിന്റെ പേരിലുള്ള റോഡ് വീതികൂട്ടാനാവശ്യമായ തുക വകയിരുത്തണം.

ശ്രീ. എം. വിജിൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. അതിതീവ്ര സാമ്പത്തിക കടന്നാക്രമണങ്ങൾക്ക് വിധേയമാകുമ്പോഴും തനത് വരുമാനമുയർത്തിയും അതീവ ശ്രദ്ധയാർന്ന ധനമാനേജ്മെന്റ് വഴിയും പ്രതിസന്ധികളെ മറികടക്കാനുള്ള പ്രവർത്തനങ്ങൾക്കാണ് സർക്കാർ

ഊന്നൽ നൽകുന്നത്. ജി.എസ്.ടി. വരുമാനവും തനത് നികുതി വരുമാനവും വർദ്ധിപ്പിക്കാനായതും റവന്യൂ കമ്മി കുറയ്ക്കാൻ സാധിച്ചതും സംസ്ഥാനത്തിന്റെ മികച്ച ധനകാര്യ മാനേജ്മെന്റിനെയാണ് സൂചിപ്പിക്കുന്നത്. കേരളം ഇന്ന് നേരിടുന്ന ധനഞെരുക്കത്തിന്റെ അടിസ്ഥാന കാരണം കേന്ദ്ര റവന്യൂ വിഹിതത്തിലും വായ്പാ അനുമതിയിലും വന്നിട്ടുള്ള കുറവാണ്.

ശ്രീമതി ഉമാ തോമസ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. നികുതി-നികുതിയേതര വരുമാനത്തിൽ വളർച്ചയുണ്ടായെങ്കിലും കട ബാധ്യത ഉയർന്നുവരുന്നത് ആശങ്കാജനകമാണ്. നികുതി പിരിച്ചെടുക്കുന്നതിലും യുക്തിസഹമായി വിനിയോഗിക്കുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കണം. ജി.എസ്.ടി. വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്താത്തത് പ്രതിഷേധാർഹമാണ്. സപ്ലൈകോ ജീവനക്കാർക്ക് സമയബന്ധിതമായി ശമ്പളം നൽകാൻ നടപടി സ്വീകരിക്കണം. തൃക്കാക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് 190 എം.എൽ.ഡി. പ്ലാന്റ് സ്ഥാപിക്കാനും

പി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയായി ഉയർത്താനും ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കാസർഗോഡ് എം.പി.ഫണ്ട് വിനിയോഗിച്ച് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിലെ അഴിമതി അന്വേഷിക്കണം. സാമ്പത്തിക പ്രതിസന്ധിമൂലം സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസം നേരിടുന്ന സാഹചര്യത്തിൽ അർഹതപ്പെട്ട കേന്ദ്രവിഹിതം നേടിയെടുക്കുന്നതിന് ഭരണ-പ്രതിപക്ഷ ഭേദമന്യേ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. വ്യത്യസ്ത മേഖലകളിലായി 32 അവാർഡുകൾ നേടി കേരളം ഇന്ത്യക്ക് മാതൃകയാകുകയാണ്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സമസ്ത മേഖലകളിലും മുന്നേറ്റങ്ങൾ കൈവരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ജി.എസ്.ഡി.പി.-യുടെ മൂന്നര ശതമാനമായി വർദ്ധിപ്പിച്ച് നൽകുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ പ്രതിപക്ഷം സഹകരിക്കണം. പുതുക്കാട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് മൊബിലിറ്റി ഹബ്ബാക്കാനും ആറ്റപ്പിള്ളി റെഗുലേറ്റർ കം

ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തീകരിക്കാനും നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന്റെ സഹകരണമേഖലയെ തകർക്കാനുള്ള കേന്ദ്ര ഗവൺമെന്റ് നടപടികൾ അപലപനീയമാണ്. റേഷൻ ഭക്ഷ്യധാന്യങ്ങൾ ഓരോ മാസവും ആദ്യ ആഴ്ചതന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. തോമസ് കെ. തോമസ്</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ സാമ്പത്തിക പ്രതിസന്ധിമൂലം തടസം നേരിടുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രവിഹിതം നേടിയെടുക്കുന്നതിന് പ്രതിപക്ഷം കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. ഐ.ടി. മേഖലയിൽ സ്റ്റാർട്ടപ് പദ്ധതികൾ വിപുലീകരിക്കണം. ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. കർഷകർക്ക് ഉപയോഗപ്രദമാകുംവിധം കാർഷിക കലണ്ടർ പ്രസിദ്ധീകരിക്കണം.

<u>ശ്രീമതി കെ. കെ. രമ</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. വിവിധ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പളം, പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ലഭിക്കാത്ത സ്ഥിതിയാണുള്ളത്. സ്കൂളുകളിൽ തസ്തികകൾ പുനർനിർണ്ണയിക്കുകയോ, അധ്യാപകരുടെ

സ്ഥിരനിയമനം നടത്തുകയോ ചെയ്യുന്നില്ല. കേരളീയം പരിപാടിയിൽ പങ്കെടുത്ത കലാകാരന്മാർക്ക് പ്രതിഫലം കൊടുത്തിട്ടില്ല. സംസ്ഥാനത്തെ ക്രമസമാധാന നിലയാകെ തകർന്നിരിക്കുകയാണ്. ടി. പി. ചന്ദ്രശേഖരൻ വധക്കേസ് സംബന്ധിച്ച് അപ്പീലിന് പോകുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. മുഹമ്മദ് മുഹസിൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ/ആരോഗ്യമേഖലകളിലും സുസ്ഥിരവികസന സൂചികയിലുമൊക്കെ കേരളം ഒന്നാമതായി നിൽക്കുന്നത് കേരള മോഡൽ വികസനത്തിന്റെ പ്രത്യേകതയാണ്. വിദ്യാഭ്യാസ വകുപ്പിന്റെ 'ലിറ്റിൽ കൈറ്റ്' പദ്ധതി ലോകത്തിനുതന്നെ മാതൃകയാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കിയത് അഭിമാനാർഹമാണ്. കേന്ദ്ര ഫണ്ട് വെട്ടിക്കുറച്ചതുകൊണ്ടും എൻ.എച്ച്.എം. അടക്കമുള്ള വിവിധ പദ്ധതികളുടെ വിഹിതം കുടിശ്ശികയാക്കിയതുകൊണ്ടും സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. വൈദ്യുതി മേഖലയിൽ ലോഡ് ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കി സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിൽ കേരളം മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ നേതൃത്വത്തിലുള്ള ഇ.വി. ചാർജിംഗ് സ്റ്റേഷനുകൾ ചെറുപ്പക്കാർക്ക് തൊഴിൽ സംരംഭമാക്കി മാറ്റണം. പ്രളയാനന്തരം പുഴകളിലും ഡാമുകളിലും വന്നടിയുന്ന മണ്ണ്, എക്കൽ,

മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കണം. ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് നിരാമയ ഇൻഷ്വറൻസ് ലഭ്യമാക്കുന്നതോടൊപ്പം ചലന വെല്ലുവിളികൾ നേരിടുന്നവർക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തണം. കെ.എസ്.ആർ.ടി.സി. അടക്കമുള്ള ബസ്സുകളിൽ ഭിന്നശേഷിക്കാർക്ക് റാമ്പ് സൗകര്യമേർപ്പെടുത്തണം. ആശ്വാസകിരണം പദ്ധതി ഫലപ്രദമായി നടപ്പിലാക്കണം. ബഡ്സ് സ്കൂളുകളിലെ സ്റ്റാഫിനെ എൽ.എസ്.ജി.ഡി. സ്റ്റാഫായി പരിഗണിച്ചുകൊണ്ട് മെഡിസെപ് അടക്കമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണം. മാതാപിതാക്കൾ മരണപ്പെട്ട ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്നതിന് ജില്ലകൾതോറും പുനരധിവാസകേന്ദ്രം ആരംഭിക്കണം. മറ്റൊരു പദ്ധതികളിലുമുൾപ്പെടാത്ത ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം/ഇലക്ട്രിക്കൽ വീൽ ചെയർ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രവിഹിതം നേടിയെടുക്കുന്നതിന് ഭരണ-പ്രതിപക്ഷ ഭേദമന്യേ ഒറ്റക്കെട്ടായി പ്രവർത്തിക്കണം.

ശ്രീ. വി. ജോയി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ സാമ്പത്തികമായി ഞെരുക്കുമ്പോഴും സംസ്ഥാനത്തിന് സ്ഥായിയായ വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. തനത് നികുതി വരുമാനത്തിന്റെ കാര്യത്തിൽ കേരളം മുന്നിലാണ്. പ്രാഥമിക വിദ്യാഭ്യാസത്തിൽ ഭാഷാഗണിത ശാസ്ത്ര വിഷയങ്ങൾക്ക് പ്രത്യേക ഊന്നൽകൊടുക്കുന്നുണ്ട്. ലഹരിക്കെതിരായ വിവിധ പ്രവർത്തനങ്ങളും പട്ടികജാതിക്കാരുടെ സാക്ഷരതയ്ക്കുവേണ്ടി നടപ്പാക്കുന്ന നവചേതന പദ്ധതിയും ആദിവാസികൾക്കായുള്ള പ്രത്യേക പദ്ധതികളും ശ്രദ്ധേയമാണ്.

ശ്രീ. രമേശ് ചെന്നിത്തല: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സർക്കാരിന്റെ കെടുകാര്യസ്ഥതമൂലം ധനകാര്യമാനേജ്മെന്റ് തകർന്നിരിക്കുകയാണ്. നിലവിൽ സംസ്ഥാനത്തിന്റെ കടം 4.25 ലക്ഷം കോടി രൂപയാണ്. കുറഞ്ഞ പലിശയ്ക്ക് ലോൺ എടുക്കാനുള്ള സാഹചര്യമുണ്ടായിട്ടും കൂടിയ പലിശ നിരക്കിൽ 2150 കോടി രൂപയാണ് മസാല ബോണ്ട് വഴി കടമെടുത്തത്. വയനാട്-തീരദേശ-ഇടുക്കി പാക്കേജുകൾക്ക് തുക വകയിരുത്താത്തത് പ്രതിഷേധാർഹമാണ്. കോടിക്കണക്കിന് രൂപ ചെലവഴിച്ച് കേരളീയം പോലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിനോട് യോജിക്കാനാവില്ല. ജനസമ്പർക്ക പരിപാടി,

ലോക കേരള സഭ എന്നിവയിലൂടെ ആർക്കും പ്രയോജനമുണ്ടായില്ലെന്നുമാത്രമല്ല, നവലിബറൽ സമീപനങ്ങൾ സ്വീകരിച്ചാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാൻ തയ്യാറാകണം. ശമ്പള പരിഷ്കരണ കമ്മീഷൻ, സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കൽ, സാമൂഹ്യക്ഷേമ പെൻഷൻ, ജീവനക്കാരുടെ ഡി.എ. കുടിശ്ശിക തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വിവിധ വകുപ്പുകൾ തമ്മിലുള്ള ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ ക്രോഡീകരിച്ചുകൊണ്ടാണ് 2024-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ കൊണ്ടുവന്നിട്ടുള്ളത്. കേരളത്തിന്റെ ധനകാര്യ മാനേജ്മെന്റ് തകർന്നുവെന്ന പ്രതിപക്ഷ ആരോപണം അടിസ്ഥാനരഹിതമാണ്. മൂന്നുവർഷംകൊണ്ട് സംസ്ഥാനത്തിന്റെ നികുതി/നികുതിയേതര വരുമാനത്തിൽ 65 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. കടമെടുപ്പ് പരിധി വെട്ടിക്കുറക്കുകയും സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം തരാതിരിക്കുകയും ചെയ്യുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. സർക്കാർ ഉദ്യോഗസ്ഥർക്ക് നൽകാനുള്ള ഡി.എ. കുടിശ്ശിക

കൊടുത്തുതീർക്കും. നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനും റവന്യൂ-ധനക്കമ്മി കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. ദേശീയപാത 66-ന്റെ നിർമ്മാണത്തിനായി 6500 കോടി രൂപ നൽകുന്നുണ്ട്. സപ്ലൈകോ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഹെൽത്ത് ഗ്രാന്റ്, അർബൻ ലോക്കൽ ബോഡി ഗ്രാന്റ് തുടങ്ങി വിവിധ ഇനങ്ങളിലായി 3951 കോടിയോളം രൂപ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കാനുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി ഇന്ത്യയിൽ നടക്കുന്ന നിയമനങ്ങളുടെ 60 ശതമാനവും കേരളത്തിലാണ്. ലോകത്തിലെ ഏറ്റവും വലിയ കപ്പൽ അടുത്ത ദിവസം വിഴിഞ്ഞത്ത് എത്തുമെന്നത് അഭിമാനകരമാണ്. സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രവിഹിതം നേടിയെടുക്കുന്നതിന് കക്ഷി-രാഷ്ട്രീയ ഭേദമന്യേ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണം. ചർച്ചയിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നു.

(ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷമൊന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

2024-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2024-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## IX അറിയിപ്പ്

### (1) ഇ- സ്പോർട്ട്സ്

മി. സ്പീക്കർ: എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് ഇ-സ്പോർട്ട്സ് ഹബ്ബുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പരിപാടിയും ഇ-സ്പോർട്ട്സ് ഡിസ്പ്ലേയും 2024 ജൂലൈ 10-ാം തീയതി ആർ. ശങ്കരനാരായണൻതമ്പി മെമ്പേഴ്സ് ലോഞ്ചിലും പരിസരത്തുമായി സംഘടിപ്പിക്കുന്നു. പരിപാടിയുടെ ഉദ്ഘാടനം രാവിലെ 8.30-ന് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തുന്നതാണ്. പ്രസ്തുത പരിപാടിയിലേയ്ക്ക് എല്ലാ അംഗങ്ങളേയും ക്ഷണിക്കുന്നു.

### 2. കാലാവസ്ഥാ വ്യതിയാനം

മി. സ്പീക്കർ: കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് 09-07-2024-ന് വൈകുന്നേരം 5.00 മണിക്ക് ആർ. ശങ്കരനാരായണൻതമ്പി മെമ്പേഴ്സ് ലോഞ്ചിൽവച്ച് സാമാജികർക്കായി നടത്തുന്ന ഇന്ററാക്ടീവ് സെഷനിലും തുടർന്നുള്ള സ്നേഹവിരുന്നിലും എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഭ വൈകുന്നേരം 4.41-ന് പിരിഞ്ഞു.

********